പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1580 | 16-10-2026-ൽ മറുപടിയ്ക്ക്

<u>അത്‌ലറ്റിക്സ് മേഖലയിലെ പ്രോത്സാഹനവും ബോധവൽക്കരണവും</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> | <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. നജീബ് കാന്തപുരം

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** ഫുട്ബോൾ, ക്രിക്കറ്റ് തുടങ്ങിയ ജനപ്രിയ കായിക ഇനങ്ങൾക്കൊപ്പം അത്‌ലറ്റിക്സിലെ വിവിധ മത്സരങ്ങളിലേക്ക് (ട്രാക്ക് & ഫീൽഡ്) യുവതലമുറയെ ആകർഷിക്കുന്നതിനായി എന്തെല്ലാം പ്രത്യേക പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കുന്നത്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** അത്‌ലറ്റ്ക്സിൽ മികവ് പുലർത്താനും കായിക മേഖലയുടെ അടിസ്ഥാന വികസനത്തിനും വേണ്ടി സംസ്ഥാനത്തെ, 6 ജില്ലാ കേന്ദ്രങ്ങളിൽ സ്പ്രിൻ്റ് പദ്ധതി വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. കാസർഗോഡ്, പത്തനംതിട്ട, പാലക്കാട്, കണ്ണൂർ, കോട്ടയം, ഇടുക്കി എന്നീ ജില്ലാ കേന്ദ്രങ്ങളിൽ സെലക്ഷൻ ട്രയൽസ് നടത്തി തെരഞ്ഞെടുക്കപ്പെടുന്ന 30 വിദ്യാർത്ഥികൾക്ക് അത്‌ലറ്റിക്സ് പരിശീലനം നൽകുന്ന പദ്ധതിയാണിത്. ജില്ലാ കേന്ദ്രങ്ങളിലായി തിരഞ്ഞെടുത്ത 180 വിദ്യാർത്ഥികൾക്ക് അടിസ്ഥാന തലത്തിൽ പരിശീലനം നൽകുന്നു. 5 നും 12 നും ഇടയിൽ പ്രായമുള്ള വിദ്യാർത്ഥികളെയാണ് പരിശീലനത്തിനായി തെരെഞ്ഞെടുക്കുന്നത്. ടി പദ്ധതി കായിക യുവജന കാര്യാലയം മുഖേനയാണ് നടപ്പിലാക്കിയിരുന്നത്. എന്നാൽ 2024 സാമ്പത്തിക വർഷത്തിന്റെ പകുതിയോടെ ഇതിന്റെ നടത്തിപ്പ് സംസ്ഥാന സ്പോർട്സ് കൗൺസിലിന് നല്കിയിരുന്നെങ്കിലും പദ്ധതി മുന്നോട്ട് കൊണ്ട് പോകുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതി പുനഃരാരംഭിക്കുന്നത്തിനായി 01.10.2026 തീയതിയിലെ 259/2026/കാ.യു.വ. നമ്പർ ഉത്തരവ് പ്രകാരം 2204-00-104-59 സ്പെഷ്യൽ പ്രോജക്റ്റ്സ് (പി) ശീർഷകത്തിൽ നിന്ന് നടപ്പു സാമ്പത്തിക വർഷം 30,30,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**(ബി)** അത്‌ലറ്റിക്സിൽ മികവ് തെളിയിക്കുന്ന കായികതാരങ്ങൾക്ക് നൽകി വരുന്ന സ്കോളർഷിപ്പുകൾ, ഉപരിപഠനത്തിനുള്ള സ്പോർട്സ് ക്വോട്ട സംവരണം എന്നിവ വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ;

**<u>മറുപടി:</u>** പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**(സി)** അത്‌ലറ്റിക്സിലുള്ള അനന്തമായ കരിയർ സാധ്യതകളെക്കുറിച്ച് (ദേശീയ/അന്താരാഷ്ട്ര തലം, കായിക മേഖലയിലെ ജോലി സാധ്യതകൾ) കുട്ടികളെയും രക്ഷിതാക്കളെയും ബോധവാന്മാരാക്കാൻ വകുപ്പ് എന്തെങ്കിലും പ്രത്യേക ക്യാമ്പയിനുകൾ നടത്തുന്നുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ആലോചനയിലുണ്ട്.

**(ഡി)** സ്കൂൾ-കോളേജ് തലങ്ങളിൽ കായിക കൗൺസിലിന്റെയും അത്‌ലറ്റിക് അസോസിയേഷന്റെയും നേതൃത്വത്തിൽ കരിയർ ഗൈഡൻസ് ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** പരിശോധിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**